വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, തുടർ സാക്ഷരതാ പദ്ധതിക്ക് മാർച്ച് മാസത്തോടുകൂടി കേന്ദ്ര ഗവണ്മെന്റ് സഹായം നിർത്തലാക്കുകയാണ്. അടുത്ത പദ്ധതിയിൽ 50 ശതമാനം ചെലവ് സംസ്ഥാന ഗവണ്മെന്റ് വഹിക്കുന്നതാണ്. അതിലേക്കായി 40 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗവണ്മെന്റ് അത് ഏറ്റെടുക്കുമെന്ന് പ്രഖ്യാപിക്കുകയാണ്.

(4) കുന്ദംകുളം നിയോജകമണ്ഡലത്തിലെ കോൾ പ്രോജക്ട് മേഖലയിൽ വെള്ളം ലഭിക്കാനുണ്ടാകുന്ന പ്രയാസങ്ങൾ

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, കുന്ദംകുളം നിയോജകമണ്ഡലത്തിലെ കോൾ മേഖലയിൽ കൃഷിക്കാവശ്യമായ വെള്ളം ലഭിക്കാത്തതിനെ തുടർന്ന് ഉണ്ടായ സ്ഥിതിവിശേഷങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയെ ഉദ്യോഗസ്ഥന്മാർ മുഖേന ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ്. ഇപ്പോൾ അങ്ങനെ ഒരു പ്രതിസന്ധിയില്ലെങ്കിലും സ്ഥിരമായി വെള്ളം കിട്ടാതെ കൃഷി നശിച്ചുപോയ സ്ഥിതിവിശേഷമാണ്. അതിന് മുഖ്യ കാരണം പീച്ചിയിൽ നിന്നും വെള്ളം ലഭിക്കേണ്ട സന്ദർഭങ്ങളിൽ ഉയർന്ന പ്രദേശമായ മുള്ളൂർ കായൽ പ്രദേശത്ത് വെള്ളം ലഭിക്കുന്നില്ല എന്നതാണ്. അതിന് ചില സാങ്കേതിക തടസ്സങ്ങളാണ് കാരണമായിട്ടുള്ളത്. അതിനാവശ്യമായ നടപടികൾ ഏറ്റവും അടിയന്തിരമായി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. വടക്കേ മുള്ളൂർ കായൽ പ്രദേശത്ത് വെള്ളം പീച്ചിയിൽ നിന്ന് കിട്ടണമെങ്കിൽ 6 കി. മീ. പുതിയ ചാൽ നിർമ്മിക്കണം. അതുപോലെ തൂരുത്തിക്കാട് ബണ്ടിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിന് മണ്ണുകൊണ്ട് നിറഞ്ഞിരിക്കുന്ന കെ.എൽ.ഡി.സി.-യുടെ തോടുകളിൽ നിന്ന് അടിയന്തിരമായി മണ്ണുമാറ്റി പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. കോട്ടിയാട് സ്ഥിരം ബണ്ടു നിർമ്മിക്കേണ്ട ആവശ്യമുണ്ട്. 5 പഞ്ചായത്തുകളിലേയും, മുനിസിപ്പൽ പ്രദേശങ്ങളിലേയും കോൾ കൃഷി മേഖലയിലുണ്ടായിരുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഉദ്യോഗസ്ഥന്മാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, തൃശ്ശൂർ കോൾ നിലങ്ങളിൽ തെക്കൻ മേഖലയിലേക്ക് ചിമ്മിനി ഡാമിൽ നിന്നും, വടക്കൻ മേഖലയിലേക്ക് പീച്ചി ഡാമിൽ നിന്നുമാണ് വെള്ളം നൽകിക്കൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം കുന്ദംകുളം പ്രദേശം ചിമ്മിനി ഡാമിൽ നിന്നും ഉയർന്ന പ്രദേശമായതുകൊണ്ട് അങ്ങോട്ട് ചിമ്മിനി ഡാമിലെ വെള്ളം എത്തിക്കാൻ കഴിയാതെ വരുമ്പോൾ പീച്ചിയിൽ നിന്നും കുറെ വെള്ളം കൊടുക്കുമായിരുന്നു. പക്ഷേ, ഇപ്പോൾ പീച്ചി ഡാമിലെ ജലവിതാനവും താഴ്ന്നു നിൽക്കുകയാണ്. രണ്ടു ദിവസമേ വെള്ളം കൊടുക്കാൻ കഴിഞ്ഞുള്ളൂ. അതുകൊണ്ട് മതിയാകുന്നില്ല. പീച്ചി ഡാമിൽ നിന്നും അങ്ങോട്ട് വെള്ളം കൊണ്ടുപോകേണ്ട കനാലിലൊക്കെയുണ്ടായ ചണ്ടിയും ചെളിയുമൊക്കെ മാറ്റേണ്ടതുണ്ടായിരുന്നു. അത് മാറ്റി ക്രമീകരിച്ചിട്ടുണ്ട്. കുറേക്കൂടി ജലം അങ്ങോട്ട് ലഭ്യമാക്കാനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. മറ്റൊരു കാര്യം ഇപ്പോൾ ഇവിടെ സൂചിപ്പിച്ചത് വേറൊരു ഡൈവേർഷൻ കനാലിനെക്കുറിച്ചാണ്. അത് പ്രത്യേകമായി ആലോചിക്കാം. പിന്നെ ചർച്ച വേണമെന്നു പറഞ്ഞു. അതിനുള്ള നടപടിയും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ചെയ്യാമെന്ന് അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly